(2) വിദേശ മലയാളികളുടെ ബുദ്ധിമുട്ട്

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: സർ, സംസ്ഥാനത്തിന്റെ നട്ടെല്ലായ ഗൾഫ് മലയാളികൾക്ക് നീതി ലഭ്യമാക്കണമെന്നാവശ്യപ്പെട്ടാണ് ഞാൻ ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. വളരെക്കാലമായി സഭയിൽ പലതവണ ചർച്ച ചെയ്ത കാര്യമാണിത്. ഗൾഫിലേയ്ക്കും അവിടെ നിന്നും ഇങ്ങോട്ടും വരുന്ന മലയാളികളാണ് ബുദ്ധിമുട്ട് അനുഭവിക്കുന്നത്. ഇപ്പോൾ ദുബായിലേക്കുള്ള എയർ ടിക്കറ്റ് ചാർജ് 7000 രൂപയാണ്. മാർച്ച്, ഏപ്രിൽ, മെയ് മാസങ്ങളിൽ ഒരാൾക്ക് ദുബായിലേക്ക് പോകാൻ 30,000 രൂപ മുതൽ 50,000 രൂപ വരെ നൽകേണ്ടിവരുന്നു. ഒരേ ദൂരവും ഒരേ ഇന്ധനവുമാണ് അപ്പോഴും ചെലവഴിക്കുന്നത്. ഗൾഫിലേക്ക് 4 മണിക്കൂർ യാത്രയാണുള്ളത്. ലണ്ടനിലേക്ക് 12 മണിക്കൂർ യാത്ര ചെയ്യാൻ കൊടുക്കേണ്ടത് 25,000 രൂപ മുതൽ 30,000 രൂപവരെയാണ്. ന്യൂയോർക്കിലേക്ക് 24 മണിക്കൂർ യാത്ര ചെയ്യേണ്ടതിന് 60,000 രൂപ ചാർജ്ജാണ്. മലയാളികളോട് മാത്രമെന്തിനാണ് ഈ ക്രൂരത. രണ്ട് വർഷത്തെ സമ്പാദ്യം മുഴുവൻ എയർ ടിക്കറ്റിന് ചെലവഴിച്ചാൽ മാത്രമെ ഒരു കുടുംബത്തിന് നാട്ടിലേക്ക് വരാൻ കഴിയുകയുള്ളൂ. ഈ വിഷയം പല തവണ ചർച്ച ചെയ്തതാണ്. കേന്ദ്ര മന്ത്രിമാർക്കും പ്രധാനമന്ത്രിക്കും കത്തെഴുതാം. ഞാൻ കഴിഞ്ഞ മാസം വ്യോമയാന മന്ത്രിക്ക് കത്തയച്ചിരുന്നു. I am desired to acknowledge the receipt of your letter dated 8th October 2014, addressed to the Prime Minister regarding problems being faced by Non Resident Indians due to airfare rise on the Gulf Indians. എന്ന് പ്രധാനമന്ത്രിയുടെ ഓഫീസിൽ നിന്നും മറുപടി കിട്ടി. I am in receipt of your letter regarding relief for NRI gulf air travellers returning to gulf region from Kerala after vacation..... I am having the matter looked into for appropriate action. എന്ന് വ്യോമയാന മന്ത്രിയും മറുപടി നൽകിയിട്ടുണ്ട്. ഇത് തന്നെയാണ് മുഖ്യമന്ത്രിയും മറ്റ് മന്ത്രിമാരും കത്തയച്ചാൽ കിട്ടുന്ന മറുപടി. അതുകൊണ്ട് ഇക്കാര്യത്തിൽ സഭയിലുള്ള എല്ലാ അംഗങ്ങളും കേന്ദ്രത്തിൽ ശക്തമായ സമ്മർദ്ദം ചെലുത്തണം. ഗൾഫ് മലയാളികളുള്ളതുകൊണ്ടാണ് കേരളം ജീവിക്കുന്നതുതന്നെ. ഒരു സബ്മിഷനും മറുപടിയും കൊണ്ട് ഗൾഫ് മലയാളികളെ സുഖിപ്പിക്കാൻ നുനിയരുത്. കേന്ദ്ര മന്ത്രിമാർക്ക് കത്തയച്ചാൽ ഇവിടെ പറഞ്ഞതുപോലുള്ള മറുപടി കിട്ടും. ഇന്ത്യയിലെ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

എല്ലാ സംസ്ഥാനങ്ങളിൽ നിന്നും ഗൾഫ് നാടുകളിൽ ആളുകൾ ജോലിക്ക് പോകുന്നുണ്ട്. അവരോടൊന്നും ഈ ക്രൂരതയില്ല. അതുകൊണ്ട് ഈ സഭയിലെ എല്ലാ അംഗങ്ങളും മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ഡൽഹിയിൽ ചെന്ന് സമരം ചെയ്യണമെന്നാണ് എനിക്ക് പറയാനുള്ളത്. എങ്കിൽ മാത്രമേ അധികാരികളുടെ കണ്ണ് തുറക്കുകയുള്ളൂ. ബഹുമാനപ്പെട്ട മുഖ്യമന്ത്രി താൽപ്പര്യപൂർവ്വം കഴിഞ്ഞ സമ്മേളനത്തിൽ പറഞ്ഞ, എയർ കേരള പ്രാവർത്തികമാക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ബഹുമാനപ്പെട്ട മെമ്പർ ശ്രീ. എൻ. എ. നെല്ലിക്കുന്ന് പറഞ്ഞത് വളരെ പ്രാധാന്യമർഹിക്കുന്ന പ്രശ്നമാണ്. ഇക്കാര്യത്തിൽ നമ്മൾ എന്തെങ്കിലും പറഞ്ഞിട്ട് പ്രയോജനമുണ്ടാകുമെന്ന് തോന്നുന്നില്ല. കാരണം, 40 വർഷത്തിലേറെക്കാലമായി ഇക്കാര്യത്തിൽ ഇടപെട്ടുകൊണ്ടിരിക്കുന്ന ഒരാളാണ് ഞാൻ. ഓരോ വർഷം കഴിയുംതോറും ഈ പക്ഷപാതവും അനീതിയും വർദ്ധിച്ചു വരുന്നതല്ലാതെ കുറയുന്നില്ല. എത്രയിരട്ടിയാണ് യാത്രാ നിരക്ക് വർദ്ധിപ്പിച്ചു കൊണ്ടിരിക്കുന്നത്? നിവേദനം നൽകിയതുകൊണ്ടോ, പറഞ്ഞതുകൊണ്ടോ, സമരം ചെയ്തതുകൊണ്ടോ പ്രയോജനമുണ്ടാകുമെന്ന് എനിക്കു തോന്നുന്നില്ല. ഈ സാഹചര്യത്തിലാണ് 'എയർ കേരള' എന്ന ആശയം വന്നത്. ആ ആശയം ഇന്നും ഗവൺമെന്റിന്റെ സജീവ പരിഗണനയിലുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ രണ്ട് കണ്ടീഷൻസ് ഒഴിവായി കിട്ടണം. രണ്ട് കണ്ടീഷൻസ് ഒഴിവാക്കാൻ തീരുമാനിച്ചുവെന്ന് പത്രത്തിൽ കണ്ടു. പക്ഷെ ഇതുവരെ ഔദ്യോഗികമായിട്ടുള്ള മറുപടി ലഭിച്ചിട്ടില്ല. അതിനുവേണ്ടി ശ്രമിക്കും. വിദേശ രാജ്യങ്ങളുമായി സർവ്വീസ് നടത്തണമെങ്കിൽ ഡൊമസ്റ്റിക് സർവ്വീസിൽ അഞ്ചുവർഷത്തെ എക്സ്പീരിയൻസ് ഉണ്ടായിരിക്കണം. കൂടാതെ 20 വിമാനങ്ങളുണ്ടായിരിക്കുകയും വേണം. ഈ രണ്ട് കണ്ടീഷനും ഒഴിവാക്കി കിട്ടുന്നതിനുവേണ്ടിയാണ് നമ്മൾ ശ്രമിക്കുന്നത്. അതിനുള്ള ശ്രമം നടത്തുകയെന്നുള്ളതാണ് എന്നെ സംബന്ധിച്ചിടത്തോളം ചെയ്യാനുള്ളത്. 5 വർഷം ഡൊമസ്റ്റിക് സർവ്വീസ് നടത്തണമെങ്കിൽ 150 കോടിരൂപയുടെയെങ്കിലും നഷ്ടമുണ്ടാകും. അത് നമുക്ക് താങ്ങാൻ പറ്റാതെ വരും. അതുകൊണ്ടാണ് അത് ആലോചിക്കാതിരിക്കുന്നത്. അത് പ്രായോഗികമാകുകയില്ല. ഏതായാലും നിവേദനം കൊടുക്കാം, പക്ഷെ, അതുകൊണ്ട് ഒരു മാറ്റമുണ്ടാകുമെന്ന് എനിക്ക് തോന്നുന്നില്ല. 'എയർ കേരള' എന്നുള്ള ആശയത്തിനുവേണ്ടി നിലകൊള്ളുന്നതാണ്.